നമ്പർ. 3417/AD A1/3/AD A 1/AD A 1

**<u>സർക്കുലർ</u>**

വിഷയം:- സർവ്വകലാശാല സർവ്വീസിൽ പ്രവേശിക്കുന്നതിന് മുൻപുള്ള അംഗീകൃത മുൻകാല സേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള ക്വാളിഫൈയിംഗ് സർവ്വീസ് ആയി പരിഗണിക്കുന്നതിന് അപേക്ഷകൾ യഥാസമയം സമർപ്പിക്കുവാൻ ബന്ധപ്പെട്ട ജീവനക്കാർക്ക് പ്രത്യേക നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1. 22.01.2019-ലെ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നമ്പർ 129/19.01/182467.
2. G.O.(P) No. 517/09/Fin. തീയതി 19.11.2009.
3. G.O.(P) No. 531/09/Fin. തീയതി 30.11.2009.
4. കേരള സർക്കാർ ഫിനാൻസ് (റൂൾസ് എ) വകുപ്പിൻറെ 08.02.2016 തീയതിയിലെ സർക്കുലർ നമ്പർ 9/2016/Fin.

പഞ്ചായത്ത്/മുനിസിപ്പൽ കോമൺ സർവീസ്, എയ്ഡഡ് സ്കൂൾ, എയ്ഡഡ് കോളേജ്, യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്നും സർക്കാർ സർവീസിലേക്കും, തിരിച്ചും ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ മുൻകാലസേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള ക്വാളിഫൈയിംഗ് സർവ്വീസ് ആയി പരിഗണിക്കുന്നതിന് 'Pro-rata pension contribution' ആവശ്യമില്ലെന്ന് സൂചന (2), (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർവ്വകലാശാല സർവ്വീസിൽ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന നിരവധി ജീവനക്കാർ ഇപ്രകാരം മറ്റ് വകുപ്പുകളിൽ മുൻകാല സേവനം അനുഷ്ഠിച്ചിട്ടുള്ളവരാണ്. കേരള സർവ്വീസ് റൂൾസ് ഭാഗം 1, റൂൾ 22(c) പ്രകാരം, മുൻകാല സേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള ക്വാളിഫൈയിംഗ് സർവ്വീസ് ആയി പരിഗണിക്കുന്നതിനുള്ള അപേക്ഷ സർവ്വകലാശാല സേവനത്തിൽ പ്രവേശിച്ച് 5 വർഷത്തിനുള്ളിൽ സമർപ്പിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച അപേക്ഷകൾ പരിഗണിക്കുമ്പോൾ, കേരള സർവ്വീസ് റൂൾസിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം 5 വർഷത്തിനുള്ളിൽ സമർപ്പിക്കപ്പെട്ടവയാണെന്ന് ബന്ധപ്പെട്ട വകുപ്പ് ഉറപ്പാക്കേണ്ടതാണെന്ന് സൂചന (4) സർക്കുലറിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 22.01.2019-ൽ കൂടിയ സർവ്വകലാശാല സിൻഡിക്കേറ്റ് വിഷയം പരിഗണിക്കുകയും, ബന്ധപ്പെട്ട വിഷയത്തിൽ സർക്കുലർ ഇറക്കുന്നതിന്, സൂചന (1) പ്രകാരം തീരുമാനിക്കുകയും ചെയ്തിരിക്കുന്നു.

മേൽവസ്തുതകളുടെ അടിസ്ഥാനത്തിൽ, മറ്റ് വകുപ്പുകളിലെ അംഗീകൃത മുൻകാല സേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള ക്വാളിഫൈയിംഗ് സർവ്വീസ് ആയി പരിഗണിക്കുന്നതിനുള്ള അപേക്ഷകൾ, ബന്ധപ്പെട്ട ജീവനക്കാർ കേരള സർവ്വീസ് റൂൾസ് ഭാഗം 1, റൂൾ 22(c) പ്രകാരം, സർവ്വകലാശാല സേവനത്തിൽ പ്രവേശിച്ച് 5 വർഷത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലയളവിനുള്ളിൽ സമർപ്പിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**എം. ആർ ഉണ്ണി**
രജിസ്ട്രാർ

സ്വീകർത്താവ്

1.സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്.
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ.
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ റെക്കോർഡ്സ്
6.നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Draft #1 of File 3417/AD A1/3/2019/AD A 1 Approved by REGISTRAR on 16-Feb-2019 12:41 PM - Page 1